സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പാ പദ്ധതികൾ

93 (3247) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പ നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം കർഷകർക്ക് എത്ര രൂപ വായ്പ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മേഖലകൾക്കാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമഗ്ര കാർഷിക-ഗ്രാമീണ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് വിവിധ ഹ്രസ്വകാല-ദീർഘകാല വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവ ചുവടെ പറയുന്നവയാണ്:

1. കാർഷിക വായ്പാ പദ്ധതികൾ :

എ. സാധാരണ വായ്പകൾ

ബി. പദ്ധതി വായ്പ

സി. ഹ്രസ്വകാല കാർഷിക വായ്പ

ഡി. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് വായ്പ

2. കാർഷികേതര വായ്പാ പദ്ധതികൾ :

എ. വ്യവസായ വായ്പ

ബി. വിദ്യാഭ്യാസ വായ്പ

സി. വാഹന വായ്പ

ഡി. സ്വരോജ്ഗാർ ക്രെഡിറ്റ് കാർഡ് വായ്പ

LIBRARY ARCHIVES Kerala Legislative Assembly

3. ഭവന വായ്പ :

എ. പുതിയ ഭവന നിർമ്മാണം

ബി. ഭവനം വാങ്ങുന്നതിന്

സി. നിലവിലുള്ള ഭവനം അറ്റകുറ്റപ്പണി നടത്തുന്നതിന്

4. മറ്റ് വായ്പാ പദ്ധതികൾ :

എ. സ്വർണ്ണ പണയ വായ്പ

ബി. കൺസ്യൂമർ വായ്പ

സി. ട്രേഡേഴ്സ് വായ്പ

ഡി. സെക്കന്റ് ഹാൻഡ് വാഹന വായ്പ

ഇ. ക്യാഷ് ക്രെഡിറ്റ്

എഫ്. വിവാഹ സഹായ വായ്പ

ജി. റബ്ബർ സ്ലോട്ടർ ടാപ്പിംഗ് നടത്തുന്നതിനുള്ള വായ്പ

എച്ച്. പേഴ്സണൽ ലോൺ

ഐ. പിൽഗ്രിമേജ് ലോൺ.

(ബി) നടപ്പുസാമ്പത്തിക വർഷം 2200.00 കോടി രൂപയാണ് വായ്പ നൽകുന്നതിനായി ലക്ഷ്യമിട്ടിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കാർഷിക വായ്പ	: 650 കോടി രൂപ
കാർഷികേതര വായ്പ	: 280 കോടി രൂപ
ഭവന വായ്പ	: 930 കോടി രൂപ
മറ്റ് ഹ്രസ്വകാല വായ്പകൾ	: 340 കോടി രൂപ

(സി) കാർഷികം, കാർഷികേതരം, ഭവന വായ്പ, മറ്റ് ഹ്രസ്വകാല വായ്പകൾ എന്നീ മേഖലകളിലാണ് വായ്പകൾ നൽകിവരുന്നത്.

(ഡി) 1984 ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ആക്ടിനും ചട്ടങ്ങൾക്കും വിധേയമായി കർഷകർക്കുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബാങ്കിന് അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly